**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2383** **21-06-2024 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എ. രാജ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br>സ്വന്തം അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ പെടാതെ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി 5 വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നിലവിലെ സർക്കാരിന്റെ ആദ്യ ക്യാബിനറ്റ് തീരുമാന പ്രകാരം ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. ഭക്ഷണം മാത്രം, ആരോഗ്യം മാത്രം, ഭക്ഷണവും ആരോഗ്യവും മാത്രം എന്നീ 3 വിഭാഗങ്ങളിലായി ക്ലേശം അനുഭവിച്ചിരുന്ന 26649 കുടുംബങ്ങളും, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്ന 2080 കുടുംബങ്ങളും, (ആകെ 28,725) മറ്റ് ക്ലേശഘടകങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കുടുംബങ്ങളും ഉൾപ്പെടെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ കണ്ടെത്തിയതിൽ 47.89 % കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.<br><br>2024 നവംബർ 1-ന് മുൻപ് മറ്റ് ക്ലേശ ഘടകങ്ങൾ മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കപ്പെടുന്നവരുടെ കണക്ക് 90% ആക്കി വർദ്ധിപ്പിക്കുന്നതിനും, 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനത്തെ സമ്പൂർണ്ണ അതിദാരിദ്ര്യ മുക്തമാക്കുകയും ചെയ്യുന്നതിനാണ ലക്ഷ്യമിടുന്നത്. |
| (ബി) | സംസ്ഥാനത്ത് 2016-ലും നിലവിലും ഉള്ള അതിദരിദ്രരുടെ എണ്ണത്തിൽ വന്ന വ്യത്യാസം എത്ര ശതമാനമാണ് എന്നറിയിക്കുമോ; | (ബി) | മുൻ വർഷങ്ങളിൽ നടന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരിൽ |

| | | | |
|---|---|---|---|
| | | | അതിദാരിദ്ര്യം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന കുടുംബങ്ങളെയും വ്യക്തികളെയും തിരിച്ചറിയുന്നതിനായി സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള നിർണ്ണയ പ്രക്രിയ 2021 ജൂലൈ മാസത്തിൽ ആരംഭിക്കുകയും 2022 ഫെബ്രുവരി മാസത്തിൽ നിർണ്ണയ പ്രക്രിയ അവസാനിക്കുകയുമാണുണ്ടായത്. ഇതിലൂടെ സംസ്ഥാനത്ത് 64006 അതിദരിദ്ര കുടുംബങ്ങളിലായി 103099 വ്യക്തികളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ കണ്ടെത്തിയതിൽ 47.89% (30658) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മുക്തരാക്കിയതായി 2023 നവംബർ 1 ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.<br><br>2024 ന് നവംബർ 1 ന് മുൻപ് 90 % കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മുക്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | അതിദരിദ്രരെ കണ്ടെത്തുന്നതിന് നടത്തിയ സർവ്വേയിൽ നിന്നും ലഭിച്ച വിവരങ്ങൾ സൂക്ഷ്മവിശകലനം നടത്തി തയ്യാറാക്കിയ പട്ടികയിലെ വിശദാംശം ലഭ്യമാക്കുമോ; | (സി) | അതിദരിദ്രരെ കണ്ടെത്തുന്നതിന് നടത്തിയ സർവ്വേയിൽ നിന്നും ലഭിച്ച വിവരങ്ങൾ സൂക്ഷ്മവിശകലനം നടത്തി തയ്യാറാക്കിയ പട്ടിക പ്രകാരം സംസ്ഥാനത്ത് 1032 തദ്ദേശസ്ഥാപനങ്ങളിലായി ആകെ 64006 കുടുംബങ്ങളിൽപ്പെട്ട 103099 വ്യക്തികളെ കണ്ടെത്തി.<br><br>♦ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കുടുംബങ്ങളെ കണ്ടെത്തിയത്.<br><br>♦ഇങ്ങനെ കണ്ടെത്തിയ കുടുംബങ്ങളെ അതിദരിദ്രാവസ്ഥയിൽ നിന്ന് പുറത്ത് കൊണ്ട് വരുന്നതിനായി, ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി, അവരുടെ കൂടി അഭിപ്രായം കണക്കിലെടുത്ത് പ്രത്യേകം മൈക്രോപ്ലാനുകളും അവ ക്രോഡീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഉപപദ്ധതികളും തയ്യാറാക്കി.<br><br>♦'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഭിന്നശേഷിക്കാർക്കായുള്ള യു.ഡി.ഐ.ഡി കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായ അവകാശ രേഖകളും, ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തിര സേവനങ്ങളും |

| | | | |
|---|---|---|---|
| | | | ലഭ്യമാകാതെയിരുന്ന 21263 കുടുംബങ്ങൾക്ക് ആയവ ലഭ്യമാക്കി.<br><br>♦ആകെ കണ്ടെത്തിയ അതിദരിദ്രർ - 64006<br>♦മൈക്രോപ്ലാൻ തയ്യാറാക്കിയത് – 56821<br>♦2023 നവംബർ 1 വരെ അതി ദാരിദ്ര്യത്തിൽ നിന്ന് മുക്തരായത്- 30658<br>♦2024 മേയ് 14 വരെ അതി ദാരിദ്ര്യത്തിൽ നിന്ന് മുക്തരായത് – 30923<br><br>♦സംസ്ഥാനത്ത് ആകെ കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) 2023 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 'കേരളീയം' പരിപാടിയിൽ വച്ച് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് കണ്ടെത്തിയ കുടുംബങ്ങളെ അതിദരിദ്രാവസ്ഥയിൽ നിന്ന് പുറത്ത് കൊണ്ട് വരുന്നതിനായി, ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി, അവരുടെ കൂടി അഭിപ്രായം കണക്കിലെടുത്ത് പ്രത്യേകം മൈക്രോപ്ലാനുകളും അവ ക്രോഡീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഉപപദ്ധതികളും തയ്യാറാക്കി.<br><br>‘അവകാശം അതിവേഗം’ യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഭിന്നശേഷിക്കാർക്കായുള്ള യു.ഡി.ഐ.ഡി കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായ അവകാശ രേഖകളും, ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തിര സേവനങ്ങളും ലഭ്യമാകാതെയിരുന്ന 21263 കുടുംബങ്ങൾക്ക് ആയവ ലഭ്യമാക്കി.<br><br>കൂടാതെ, പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകിയത്.<br><br>അത്തരത്തിൽ, സംസ്ഥാനത്ത് ആകെ കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) 2023 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി ‘കേരളീയം’ പരിപാടിയിൽ വച്ച് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.<br><br>2024 നവംബർ 1-ന് മുൻപ് ക്ലേശ ഘടകങ്ങൾ മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകി അതിദാരിദ്ര്യത്തിൽ നിന്ന് |

| | | | |
|---|---|---|---|
| | | | മോചിപ്പിക്കപ്പെടുന്നവരുടെ കണക്ക് 90% ആക്കി വർദ്ധിപ്പിക്കുന്നതിനും, 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനത്തെ സമ്പൂർണ്ണ അതിദാരിദ്ര്യ മുക്തമാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ